# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 759** **11.07.2016-ൽ മറുപടിക്ക്**

## കൊയിലാണ്ടി മണ്ഡലത്തിലെ പാലം നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. ദാസൻ** | ശ്രീ. ജി. സുധാകരൻ<br>പൊതുമരാമത്തും രജിസ്ട്രേഷനും<br>വകുപ്പ് മന്ത്രി |
| (എ) കൊയിലാണ്ടി മണ്ഡലത്തിലെ ഉള്ളൂർക്കടവ് പാലം പദ്ധതിയ്ക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികളുടെ കാര്യത്തിൽ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ; | (എ) കൊയിലാണ്ടി മണ്ഡലത്തിലെ ഉള്ളൂർ-ക്കടവ് പാലം പദ്ധതിയ്ക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമി-ച്ചുവരുന്നു. കോഴിക്കോട് ജില്ലാ കളക്ടർ നിർദ്ദേശിച്ച പ്രകാരം സ്റ്റേറ്റ് ലെവൽ എംപവർ കമ്മിറ്റി നൽകിയ വിലയ്ക്ക് പൊന്നുംവില നടപടികൾ പുനരാരം-ഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത പാലം നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതി-നായി സമർപ്പിച്ച എസ്റ്റിമേറ്റിന്റെ വിശദാംശം ലഭ്യമാക്കാമോ; സെക്രട്ടേ-റിയറ്റിൽ ഇതുമായിബന്ധപ്പെട്ട ഫയൽ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;<br>(സി) പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ; | (ബി) & (സി) ഉള്ളൂർക്കടവ് പാലത്തിന്റെ നിർമ്മാണ-ത്തിനായി 1120 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്, ഭരണാനുമതി ലഭ്യമാക്കുന്ന-തിന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ 28.05.2016-ൽ സർക്കാരിൽ ലഭ്യമാക്കിയത് ഡി1/47/2016/പൊ.മ.വ നമ്പർ ഫയൽ സെക്രട്ടേറിയറ്റിൽ പരിശോധിച്ചുവരുന്നു. |
| (ഡി) അകലാപുഴ പാലവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാ-ക്കാമോ; പ്രസ്തുത പാലത്തിന് ഭരണാനുമതി ലഭ്യമാവുന്നതിന് ഇനി എന്തെല്ലാം നടപടികൾ ഏതെല്ലാം തലത്തിൽ സ്വീകരിക്കണമെന്ന് വ്യക്തമാക്കാമോ? | (ഡി) അകലാപ്പുഴ പാലത്തിന്റെ നിർമ്മാണ-ത്തിനായി പ്രൊപ്പോസൽ ഡ്രോയിം-ഗിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് ഡിസൈൻ വിഭാഗം പരിശോധിച്ചു വരുന്നു. ഡിസൈൻ പൂർത്തിയായ-തിനുശേഷം ഭരണാനുമതി ലഭ്യമാക്കുന്ന-തിനായുള്ള നടപടികൾ സ്വീകരിക്കാവു-ന്നതാണ്. |

സെക്ഷൻ ഓഫീസർ